# സർക്കാർ നടപടിയെടുക്കാൻ മടിക്കുന്നു

**വിദ്യാധരൻ**
(പ്രസിഡന്റ്, പൊല്യൂട്ടഡ് ഏരിയ വെൽഫയർ സൊസൈറ്റി.
കെ.എം.എം.എൽ മലിനീകരണത്തിനെ പ്രവർത്തിക്കുന്നു)

**കെ.എം.എം.എല്ലിൽ** നിന്നുള്ള മലിനീകരണം കാരണം കിണറ്റിൽ നിന്നും വെള്ളം കുടിക്കാൻ കഴിയാത്ത സ്ഥിതിയാണ് സമീപ പ്രദേശത്തുള്ളത്. ഇൽമനൈറ്റ് സമ്പുഷ്ടീകരിക്കുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കാതെ പ്ലാന്റിനുള്ളിൽ തന്നെ കെട്ടിക്കിടക്കുന്നതാണ് പ്രശ്നം. അയൺ ഓക്സൈഡാണ് അതിൽ പ്രധാനമായും ഉള്ളത്. ഈ മാലിന്യം കമ്പനി വിവിധ സിമന്റ് പോണ്ടുകളിലായി സൂക്ഷിച്ചിരിക്കുകയാണ്. കമ്പനി തുടങ്ങിയ കാലത്ത് നിർമ്മിച്ച ഈ പോണ്ടുകളൊന്നും അറ്റകുറ്റപണി നടത്താതെ പൊളിഞ്ഞുതുടങ്ങി. ഇതിൽ നിന്നും മാലിന്യം ചോർന്നൊലിച്ച് പുറത്തേക്ക് ഒഴുകുന്നുണ്ട്. മഴക്കാലമാകുമ്പോൾ കമ്പനിക്കുള്ളിൽ നിന്നും പുറത്തേക്കുള്ള ഓവുചാലുകളിലൂടെ ഈ മാലിന്യങ്ങൾ ഞങ്ങളുടെ പറമ്പുകളിലേക്ക് എത്തുന്നു. കിണറുകളിലും ജലാശയങ്ങളിലും നീർത്തടങ്ങളിലുമെല്ലാം മാലിന്യം പരന്നിരിക്കുകയാണ്. പുറത്തേക്ക് ഒഴുകുന്ന മാലിന്യം ടി.എസ്. കനാൽ വഴി വട്ടക്കായലിലേക്കും തുടർന്ന് അഷ്ടമുടിക്കായലിലേക്കും അറബിക്കടലിലേക്കും ഒഴുകിച്ചെല്ലുന്നുണ്ട്. അത് മത്സ്യസമ്പത്തിന്റെ നാശത്തിന് കാരണമായിത്തീരും. വലിയൊരു പ്രദേശത്തെ ജനങ്ങളുടെ ഉപജീവന മാർഗ്ഗങ്ങൾ ഇല്ലാതെയാകും. കർഷകരുടെയും മത്സ്യബന്ധന തൊഴിലാളികളുടെയും ഉപജീവന മാർഗ്ഗങ്ങൾ നഷ്ടമാകാൻ ഇത് കാരണമായിത്തീർന്നു.

പലവിധത്തിലുള്ള സമരങ്ങളിലൂടെ നാളുകളായി ഞങ്ങൾ ഈ വിഷയം ഉന്നയിച്ചിട്ടും കെ.എം.എം.എൽ മാനേജ്മെന്റ് ഒന്നും പരിഗണിക്കാൻ തയ്യാറായിട്ടില്ല. പൊതുമേഖലാ സ്ഥാപനമായതിനാൽ രാഷ്ട്രീയക്കാർക്ക് നല്ല ലാഭമാണ് ഈ കമ്പനി. അതുകൊണ്ട് അവരും പ്രതിഷേധങ്ങളെ കണ്ടില്ലെന്ന് നടിക്കുകയാണ്. 2010ൽ കമ്പനിക്കുള്ളിലെ മാലിന്യടാങ്ക് പൊട്ടി ആസിഡ് മാലിന്യങ്ങൾ വ്യാപകമായി പുറത്തേക്ക് ഒഴുകുകയും വയലുകളിലേക്ക് പരക്കുകയും ചെയ്തതോടെയാണ് സമരം സജീവമായത്. ഇരുന്നൂറ് മീറ്ററോളം നീളമുള്ള ടാങ്കാണ് അന്ന് പൊളിഞ്ഞത്. മാലിന്യങ്ങൾ പുറത്തേക്ക് ഒഴുകിയതോടെ സമീപത്തുള്ള വീട്ടുകാർ ഓടി അടുത്തുള്ള ഒരു സ്കൂളിലാണ് അഭയം തേടിയത്. ഞ

ങ്ങൾ പരാതിപ്പെട്ടിട്ടും മലിനീകരണ നിയന്ത്രണ ബോർഡ് അക്കാര്യത്തിൽ ഒരു നടപടിയും കമ്പനിക്കെതിരെ സ്വീകരിച്ചില്ല. പൊതുമേഖലാ സ്ഥാപനമായതുകൊണ്ട് കമ്പനിക്കെതിരെ സർക്കാർ ഏജൻസികളൊന്നും നടപടിയെടുക്കുന്നില്ല.

18 വർഷമായി ഞാൻ സമരരംഗത്തുണ്ട്. രാഷ്ട്രീയക്കാർ പലപ്പോഴും ഞങ്ങളെ ഭീഷണിപ്പെടുത്തുകപോലുമുണ്ടായിട്ടുണ്ട്. പൊല്യൂട്ടഡ് ഏരിയ വെൽഫയർ സൊസൈറ്റി എന്ന സമിതി രൂപീകരിച്ച് 18 വർഷമായി ഞങ്ങൾ സമരരംഗത്തുണ്ട്. സമിതിയുടെ മുൻ പ്രസിഡന്റായിരുന്ന ഡോ. വാസുദേവൻ കാൻസർ വന്നാണ് മരിക്കുന്നത്. കെ.എം.എം.എൽ മലിനീകരണത്തിനെതിരെ ഞങ്ങൾ കൊടുത്ത കേസും ഇപ്പോൾ ദേശീയ ഹരിത ട്രിബ്യൂണലിന്റെ പരിഗണനയിലാണുള്ളത്. മാലിന്യം കമ്പനിക്കുള്ളിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം എന്ന ആവശ്യമാണ് ഞങ്ങൾ കേസിലും മുന്നോട്ട് വച്ചിരിക്കുന്നത്.

പൊതുമേഖലാ സ്ഥാപനം പൂട്ടിച്ചിട്ട് സ്വകാര്യ കമ്പനികളെ രംഗത്ത് കൊണ്ടുവരുന്നതിനായാണ് നാട്ടുകാർ സമരം ചെയ്യുന്നതെന്നാണ് കമ്പനി മാനേജ്മെന്റിന്റെ ആരോപണം. ഞങ്ങൾ ഒരു സ്വകാര്യ കമ്പനിക്കും വേണ്ടി പണിയെടുക്കുന്നവരല്ല. കെ.എം.എം.എൽ പ്രവർത്തനം തുടങ്ങിയ കാലം മുതൽ തുടരുന്ന മലിനീകരണം അവസാനിപ്പിക്കണം എന്നുമാത്രമേ ഞങ്ങൾക്കുള്ളൂ. കമ്പനി അടച്ചുപൂട്ടണം എന്ന് ഞങ്ങൾ പറയുന്നില്ല. ഞങ്ങൾ കൊടുത്ത കേസിൽ പഞ്ചായത്തും കക്ഷി ചേർന്നിട്ടുണ്ടെങ്കിലും കമ്പനിക്കെതിരായി നിലവിലെ അധികാരമുപയോഗിച്ച് നടപടികളെടുക്കാൻ അവർ തയ്യാറായിട്ടില്ല. പ്രശ്നബാധിത മേഖല ഉൾക്കൊള്ളുന്ന ചവറ-പന്മന പഞ്ചായത്തുകൾ ജനങ്ങൾക്കുണ്ടാകുന്ന ദുരിതത്തിൽ പ്രതിസ്ഥാനത്താണ്.■